പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4546 22.07.2015-ൽ മറുപടിയ്ക്ക്

**ദേശീയഗെയിംസ് മെഡൽ ജേതാക്കൾക്ക് സർക്കാർ ജോലി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | കഴിഞ്ഞ ദേശീയ ഗെയിംസിൽ കേരളത്തിനുവേണ്ടി മെഡൽ നേടിയ എത്ര കായിക താരങ്ങൾക്ക് സംസ്ഥാനത്ത് സർക്കാർ ജോലി നൽകാൻ തീരുമാനിച്ചിട്ടുണ്ട് ; അവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) | 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിനുവേണ്ടി വ്യക്തിഗത ഇനങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കലമെഡലുകൾ നേടിയവരിലും, ടീമിനങ്ങളിൽ സ്വർണ്ണമെഡൽ നേടിയവരിലും നിലവിൽ ജോലിയില്ലാത്തവർക്ക് സർക്കാർ ജോലി നൽകുന്നതിനും കൂടാതെ ടീമിനത്തിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയവരിൽ നിലവിൽ ജോലിയില്ലാത്തവർക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിന് ശിപാർശ ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വ്യക്തിഗതയിനങ്ങളിൽ മെഡൽ നേടിയ 29 കായികതാരങ്ങളുടേയും ടീമിനങ്ങളിൽ സ്വർണ്ണമെഡൽ നേടിയ 42 കായിക താരങ്ങളുടേയും അപേക്ഷ ലഭിച്ചിട്ടുണ്ട്. കായികതാരങ്ങളെ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത താരങ്ങൾക്ക്നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ; | (ബി) | കായികതാരങ്ങളുടെ അപേക്ഷ പരിശോധിച്ച് നിയമനത്തിന് യോഗ്യരായവരെ കണ്ടെത്തുന്നതിനായി കായികയുവജനകാര്യ ഡയറക്ടർ കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിയമനനടപടികൾ നടന്നുവരുന്നു. |
| (സി) | സംസ്ഥാന സർക്കാർ , സംസ്ഥാനത്ത് സർക്കാർ തൊഴിൽ വാഗ്ദാനം ചെയ്തിരുന്ന ദേശീയ അന്തർദേശീയ മേളകളിൽ മികവ് കാട്ടിയവരിൽ ആർക്കെല്ലാം ഇനിയും നിയമനം നൽകിയിട്ടില്ല എന്നുള്ളതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (സി) | 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാനത്തിനായി മെഡൽ നേടിയ കായികതാരങ്ങൾക്കൊഴികെ മറ്റാർക്കും സർക്കാർ തൊഴിൽ വാഗ്ദാനം നൽകിയിട്ടില്ല. |

Mary M

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്